# അപരന്റെ മുഖം വേദമായി വായിച്ചവൻ

**ജോൺപോൾ**



അപരന്റെ മുഖം വേദമായി വായിച്ച വിശുദ്ധ വ്യക്തിത്വം. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ അങ്ങനെ വിശേഷിപ്പിക്കാം. മറ്റുള്ളവരുടെ ദുഃഖം സ്വയം വരിച്ച് അദ്ദേഹം വേദവായനയുടെ പ്രായോഗിക വക്താവായി. സി എം ഐ സംസ്കൃതി ചാവറ പിതാവിലൂടെ രൂപം കൊണ്ടതാണ്. അദ്ദേഹം രൂപപ്പെടുത്തിയതാണ്.

ബാലനായിരിക്കുമ്പോൾ തന്നെ കുടുംബത്തിലെ പ്രാർത്ഥനാ ജീവിതത്തിന് വിധേയപ്പെട്ട് സ്വന്തം കർമ്മമണ്ഡലം തീർത്തിരുന്ന വിശുദ്ധനാണ് അദ്ദേഹം. അമ്മ മറിയത്തിനൊപ്പം പതിവായി ചേന്നങ്കരി പള്ളിയിലും മറ്റു ദേവാലയങ്ങളിലും പോയി പ്രാർത്ഥിച്ചിരുന്ന ഒരു ബാല്യമായിരുന്നു അദ്ദേഹത്തിന്റേത്. കൗമാരത്തിലേക്ക് കടക്കവെ തന്നെ ചാവറ പിതാവിൽ ദൈവവിളി ഉണ്ടായി. തുടർന്ന് അദ്ദേഹം വൈദിക വിദ്യാർത്ഥിയായി. അനന്തരം പൗരോഹിത്യ പദവിയിലേക്കുയർന്നു.

ആ കാലഘട്ടത്തിൽ നടമാടിയിരുന്ന മാനുഷിക തിന്മകളിലും ആത്മീയ ശോഷണത്തിലും വല്ലാതെ മനം മടുത്ത് പോരൂക്കര തോമസ് മല്പാനും ചാവറ പിതാവിന്റെ വൈദിക ഗുരുവായിരുന്ന പാലയ്ക്കൽ തോമസ് മല്പാനും പോരൂക്കരയച്ചന്റെ ബാല്യകാല സുഹൃത്തും അല്മായനുമായിരുന്ന ജേക്കബ് കണിയാന്തറയും സന്യാസത്തിലേക്ക് വഴിതിരിയാൻ ആലോചിച്ചിരുന്ന സന്ദർഭമായിരുന്നു അത്. അന്ന് ചാവറ പിതാവിലും അതേ അഭിപ്രായം തന്നെ ബലപ്പെട്ടിരുന്നു. വനത്തിൽ പോയി ധ്യാനിക്കുക എന്നതായിരുന്നു പോരൂക്കരയച്ചന്റെയും ബ്രദർ ജേക്കബ് കണിയാന്തറയുടെയു

മൊക്കെ ആദ്യ ആലോചന. എന്നാൽ അന്നത്തെ മെത്രാന്റെ ഉപദേശമനുസരിച്ച് സന്യാസം മതി എന്ന് പിന്നീട് തീരുമാനിച്ചു.

സ്വന്തം മനഃശാന്തിക്കും മോക്ഷപ്രാപ്തിയും ലക്ഷ്യമിട്ട് സന്യാസം തിരഞ്ഞെടുക്കുകയായിരുന്നില്ല അവർ. മറിച്ച്, സമൂഹത്തിന് എക്കാലത്തേക്കും പിൻബലമേകും വിധം ഒരു സന്യാസ സമൂഹത്തെ സൃഷ്ടിക്കുക എന്ന മഹത് വിചാരം ഈ തീരുമാനത്തിനും തുടർന്നുണ്ടായ യാത്രയ്ക്കും പിന്നിൽ ഊർജമായി ഉണ്ടായിരുന്നു എന്നു പറയേണ്ടതുണ്ട്. അങ്ങനെ ഇന്ത്യയിലെ ആദ്യത്തെ തദ്ദേശിയ സന്യാസ സമൂഹത്തിന്റെ ജനനം കൂടിയായിരുന്നു അത്. മാന്നാനം കുന്നിൽ സേവന സപര്യയുടെ ഒരു കാലഘട്ട നിർമിതിക്ക് പ്രാരംഭം കുറിക്കപ്പെട്ടത് അങ്ങനെയാണ്.

> “സ്വന്തം മനഃശാന്തിക്കും മോക്ഷപ്രാപ്തിയും ലക്ഷ്യമിട്ട് സന്യാസം തിരഞ്ഞെടുക്കുകയായിരുന്നില്ല അവർ. മറിച്ച്, സമൂഹത്തിന് എക്കാലത്തേക്കും പിൻബലമേകും വിധം ഒരു സന്യാസ സമൂഹത്തെ സൃഷ്ടിക്കുക എന്ന മഹത് വിചാരം ഈ തീരുമാനത്തിനും തുടർന്നുണ്ടായ യാത്രയ്ക്കും പിന്നിൽ ഊർജമായി ഉണ്ടായിരുന്നു എന്നു പറയേണ്ടതുണ്ട്.

പാലയ്ക്കൽ മല്പാൻ എന്ന് അറിയപ്പെട്ടിരുന്ന പാലയ്ക്കലച്ചൻ പണ്ഡിതനും ശ്രേഷ്ഠനുമായിരുന്നു. അദ്ദേഹം മറുനാടുകളിൽ നിന്ന് മറ്റു ഭാഷകളിലുള്ള പ്രാർത്ഥനാഗീതങ്ങളും മറ്റു ഗ്രന്ഥങ്ങളും ശേഖരിച്ച് വിവർത്തനം ചെയ്യിച്ചെടുക്കുകയും സ്വയം വിവർത്തനം ചെയ്യുകയും തന്റെ ശിഷ്യരെ അറിവിന്റെയും അദ്ധ്യയനത്തിന്റെയും പുതിയ പുതിയ ലോകങ്ങളിലേക്ക് നടന്നുകയറാൻ പ്രേരിപ്പിക്കുകയും വഴിയൊരുക്കുകയും ചെയ്തിരുന്നു. എഴുത്തിലേക്ക് ചാവറ പിതാവിന്റെ ആദ്യ പ്രേരണ ഇതായിരുന്നിരിക്കണം. അന്നത്തെ കാലത്തെ സാദ്ധ്യതകൾ കൂടി വച്ചുനോക്കുമ്പോൾ ഒരു റാന്തൽ വിളക്കിന്റെ അപ്പുറവും ഇപ്പുറവുമിരുന്ന് ഗുരുനാഥൻ പറഞ്ഞുകൊടുക്കുന്നത് പകർത്തി എടുത്തിരുന്ന പ്രക്രിയ ആയിരുന്നിരിക്കണം അത്.

ഞാൻ മനസിലാക്കിയിടത്തോളം ചാവറ പിതാവ് ഒരു കവിയോ, സാഹിത്യകാരനോ, നാടകകൃത്തോ ആകാൻ വേണ്ടി ഒരിക്കലും എഴുത്തിനെ സമീപിച്ചിട്ടില്ല. അങ്ങനെയൊരു ലക്ഷ്യത്തോടെ എഴുതിയിട്ടുമില്ല. സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി, സങ്കീർത്തനം പോലെയുള്ള സുവിശേഷ ഭാഗങ്ങൾ ജനഹൃദയങ്ങളിലേക്ക് എത്തിക്കാൻ വേണ്ടിയുള്ള ഒരു മാധ്യമമായി അദ്ദേഹം എഴുത്തിനെ ഉപയോഗിക്കുകയായിരുന്നു. പ്രാർത്ഥനകളുടെ വിവർത്തനങ്ങളിൽ നിന്നുമാണ് അദ്ദേഹത്തിന്റെ എഴുത്തു സപര്യ തുടങ്ങുന്നത്.

ആ കാലഘട്ടത്തിന്റെ സൂക്ഷ്മാംശങ്ങളിലേക്ക് എത്തിനോക്കുന്ന ഒരു മനസ് ചാവറ പിതാവിൽ ഉണ്ടായിരുന്നു. മാത്രമല്ല, അന്ന് സമൂഹത്തിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നുള്ള വ്യക്തമായ കാഴ്ചപ്പാടും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ച് വിശ്വാസത്തിനാണ് അന്ന് ഭ്രംശം സംഭവിച്ചുകൊണ്ടിരുന്നത്. ക്രിസ്തുവിൽ നിന്നാണ് അവർ അകന്നു പൊയ്ക്കൊണ്ടിരുന്നത്. സമൂഹത്തിന്റെ മൂല്യങ്ങളിൽ നിന്ന് മനുഷ്യർ അകന്നുപോവുകയാണ്. ഇതിലൊക്കെ ചാവറ പിതാവ് വ്യാകുലപ്പെട്ടു.

ഇതെല്ലാം പരിഹരിക്കാൻ വിദ്യാഭ്യാസത്തിന്റെ അടിത്തറ വേണമെന്ന് അദ്ദേഹം മനസിലാക്കി. വിദ്യാഭ്യാസത്തിനൊപ്പം വിശ്വാസത്തിന്റെ അടിത്തറയും വേണം. കർമത്തെ യുക്തിയുമായും വിശ്വാസത്തെ മൂല്യങ്ങളുമായും ബന്ധിക്കേണ്ടതിന്റെ ആവശ്യകത ചാവറ പിതാവ് തിരിച്ചറിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ദർശനങ്ങളിൽ നിന്നും നമുക്ക് കാണാൻ കഴിയുന്നത് ഇത്തരമൊരു ചിന്തയാണ്. അനാചാരങ്ങളുടെ പുറകെ പോകുന്ന ആവർത്തന പ്രക്രിയ ആയിരുന്നില്ല ചാവറ പിതാവിന്റെ സുവിശേഷവേല. ആ കാലഘട്ടത്തിന്റെ വിചാരധാരകളെ വിസ്മയിപ്പിക്കും വിധം പുരോഗമനപരമായിരുന്നു അദ്ദേഹത്തിന്റെ ചിന്താധാരകൾ.

സമൂഹത്തിൽ നടമാടിയിരുന്ന ഉച്ചനീചത്വങ്ങൾ പാപമായി ചാവറ പിതാവ് കണ്ടു. ചിക്കാഗോയുടെ തെരുവീഥികളിൽ ചോര വീഴ്ത്തിക്കൊണ്ടു തൊഴിലിടങ്ങളിൽ സമയക്ലിപ്തതയ്ക്കായി തൊഴിലാളികൾ വിപ്ലവം നയിക്കുന്നതിന് എത്രയോ കാലം മുൻപേ ചാവറ പിതാവ് ജന്മിയുടെ വിശാലമായ പറമ്പുകളിൽ ഒരു സമയ നിഷ്ഠയും കൽപിക്കാതെ പണിയെടുക്കുന്ന കുടിയാന്മാർക്കും അവരുടെ ജീവിതത്തിനും വേണ്ടി വാദിക്കുകയും അവ നടപ്പിലാക്കാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു. തൊഴിലാളികൾക്ക് അവരുടെ വിയർപ്പിന്റെ കൂലി കൊടുക്കണമെന്ന് ആദ്യമായി പറഞ്ഞതും ചാവറയച്ചനാണ് ഈ മണ്ണിൽ. ആ കാലത്ത് 'ദസ് ക്യാപ്പിറ്റൽ' എഴുതി വരുന്നതേ ഉണ്ടായിരുന്നുള്ളൂ.

ജാതി വ്യവസ്ഥയും, ചാതുർവർണ്യവും അനീതിപൂർണമായി ചാവറ പിതാവ് കണ്ടു. തൊഴിൽ അധിഷ്ഠിതമായിട്ടായിരുന്നു അത് കേരള

ത്തിൽ വ്യവസ്ഥവത്കരിക്കപ്പെട്ടിരുന്നത്. ഇന്ന സമുദായത്തിന് ഇന്ന തൊഴിൽ എന്ന് കെട്ടി ഏൽപ്പിക്കുന്നത് അതിനപ്പുറത്തേക്ക് ഒരു തൊഴിൽ സ്വായത്തമാകാനുള്ള വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ടാണെന്നു ചാവറയച്ചൻ കണ്ടു. ബ്രിട്ടീഷ് ഭരണത്തിന്റെയോ, ജന്മിത്തവ്യവസ്ഥിതിയുടെയോ വിഭാവനമായിരുന്നില്ല അത്. വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പോലും രൂപകൽപന ചെയ്യപ്പെട്ടിരുന്നത് ഇത്തരത്തിലായിരുന്നു. അത് ലംഘിച്ചാൽ മാത്രമേ സമത്വത്തിനായുള്ള വിപ്ലവം സാധ്യമാകൂ എന്ന് അദ്ദേഹം മുൻകൂട്ടി കണ്ടു. നിശബ്ദവും, സത്യസന്ധവുമായിരുന്നു ചാവറ ഏലിയാസ് പിതാവിന്റെ വിപ്ലവം. പ്രാർത്ഥനയായിരുന്നു അതിനുള്ള ഉപകരണം. വളരെ മനഃശാസ്ത്രപരമായ സമീപനമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്.

വിദ്യാഭ്യാസം നേടിയ അവർണനെ അവന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ നിന്നും തടയാനാവില്ല. ജാതി വ്യവസ്ഥയുടെ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുന്നതിന് എല്ലാവരും അക്ഷരജ്ഞാനികൾ ആയിക്കഴിഞ്ഞാൽ സാമൂഹ്യ വ്യവസ്ഥയുടെ ഒരു പുനർവിന്യാസം ഇവിടെ സാധ്യമാകുമെന്ന് ചാവറയച്ചൻ നിരീക്ഷിച്ചു. ഈ പശ്ചാത്തലത്തിലാണ് മാന്നാനത്ത് ഒരു വിദ്യാലയം തുടങ്ങുന്ന കാര്യം ആലോചിക്കുന്നത്. അക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ലോകവ്യാപകമായി തന്നെ കത്തോലിക്ക - പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ തമ്മിൽ ഒരു മാത്സര്യം നിലനിന്നിരുന്നു. തന്മൂലം മേലധികാരികൾ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങുന്നതിനു അനുവദിക്കില്ല എന്നായപ്പോൾ ഇംഗ്ലീഷിനും വളർത്തമ്മയായ സംസ്കൃതം മാധ്യമമായി ഒരു സ്കൂൾ അദ്ദേഹം ആരംഭിച്ചു. അദ്ദേഹത്തിന്റെ കൂർമബുദ്ധിയുടെ പ്രത്യക്ഷ ഉദാഹരണമാണിത്. ഒരു സവർണനായിരുന്നു അവിടെ വിദ്യ പഠിപ്പിക്കാൻ എത്തിയിരുന്നത്. കീഴ്ജാതിക്കാരായ കുട്ടികൾ അവിടെ പഠിക്കാൻ എത്തിയപ്പോൾ അനേകം നെറ്റികൾ ചുളിഞ്ഞിരുന്നു. അയിത്തം മറനീക്കിയെത്തി. അന്ന് ചാവറ പിതാവ് പറഞ്ഞ ഒരു കാര്യം കാലം കടന്നും അനശ്വരമായി നിലകൊള്ളുന്നു. അധഃകൃതർ എന്ന് പറഞ്ഞു പിന്തള്ളിയവർ അവരുടെ നഗ്നമായ പാദങ്ങൾ കൊണ്ട് ചവുട്ടി മെതിച്ച അരി പത്തായപ്പുരകളിൽ സൂക്ഷിച്ചു ഉണ്ണാമെങ്കിൽ പരസ്പരം സ്പർശിച്ചും, അടുത്തിരുന്നും വിദ്യ പഠിക്കുന്നതു കൊണ്ട് എന്ത് അയിത്തമാണ് സംഭവിക്കാനുള്ളത് എന്നദ്ദേഹം ചോദിച്ചു. വിശ്വാസത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ടാണ് അദ്ദേഹം അന്ന് അത് ചോദിച്ചത്. ഇന്ത്യയിൽ മറ്റാരെങ്കിലും വിഭാവനം ചെയ്യുന്നതിന് വളരെ മുൻപ് തന്നെയായിരുന്നു അവിടെ പഠിക്കാനെത്തുന്ന യിൽ കുറച്ചുപേരെ അവിടെ അദ്ദേഹം ഇന്റേൺഷിപ്പിനു നിയോഗിച്ചു. ഇന്റേൺഷിപ്പ് എന്ന വാക്ക് പിന്നീടാണ് ഉണ്ടായതെങ്കിലും അത് ആദ്യമായി നടപ്പായത് മാന്നാനത്തെ പ്രസ്സിൽ ആണ്. പുസ്തക പ്രസാധനത്തിന്റെയും വിതരണത്തിന്റെയും ശൃംഖലയുടെ തുടക്കവും മാന്നാനത്ത് നിന്നാണ്. പൊതുജനങ്ങൾക്കു വേണ്ടി പുസ്തകങ്ങൾ അച്ചടിച്ചുണ്ടാക്കി വിതരണം ചെയ്യുന്ന പ്രസാധനം എന്ന ആശയത്തിന്റെ ആദ്യ പൂർത്തീകരണം മാന്നാനത്ത് നിന്നും ചാവറ പിതാവിന്റെ നേതൃത്വത്തിലായിരുന്നു. മാത്രമല്ല ഇന്ത്യയിലെ തന്നെ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ കേരളത്തിലെ ആദ്യ പിറവി എന്ന് പറയുന്നത് മാന്നാനത്തു തന്നെയാണ്.

> “ വിദ്യാഭ്യാസം നേടിയ അവർണനെ അവന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ നിന്നും തടയാനാവില്ല. ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുന്നതിന് എല്ലാവരും അക്ഷരജ്ഞാനികൾ ആയിക്കഴിഞ്ഞാൽ സാമൂഹ്യ വ്യവസ്ഥയുടെ ഒരു പുനർവിന്യാസം ഇവിടെ സാധ്യമാകുമെന്ന് ചാവറയച്ചൻ നിരീക്ഷിച്ചു

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ ഉച്ചഭക്ഷണമെന്ന പദ്ധതി അദ്ദേഹം നടപ്പാക്കിയത്.

അക്ഷരമറിയുന്നവർക്കു വായിക്കണം. അതിന്റെ സാധ്യതകളും അദ്ദേഹം തേടി നടപ്പാക്കുകയായിരുന്നു. അതാണ് മാന്നാനത്തെ അച്ചടിശാല. അവിടെ ആദ്യമായി ചില ലഘുലേഖകൾ അച്ചടിച്ചു. ആ പ്രസ്സിൽ ആദ്യമായി ജോലിയെടുക്കാൻ വന്നത് താത്കാലിക തൊഴിലാളികളായിരുന്നു. അവർ പോയാൽ പിന്നെ പ്രസ്സിന്റെ കാര്യം അവതാളത്തിലാവുമോ എന്ന ആലോചന

ഇതൊന്നും ഇങ്ങനെയാവും എന്നറിഞ്ഞു കൊണ്ടല്ല അദ്ദേഹം നടപ്പാക്കിയത്. തന്റെ ലക്ഷ്യത്തിലേക്കു പോകാൻ തന്റെ ബുദ്ധിയും, മനസ്സും ഉപദേശിക്കുന്ന യുക്തിഭദ്രവും കൃത്യതയാർന്നതുമായ പ്രവർത്തനമായിരുന്നു അതിനു പിന്നിൽ. ഒരു കാലഘട്ടത്തെയും സമൂഹത്തെയും പുനരുദ്ധരിക്കാനുള്ള ഒരു ദീർഘദർശിയുടെ കർമങ്ങൾ ഒരു ദീപ്തമായ ചരിത്രമായി പിന്നീട് മാറുകയായിരുന്നു.

സ്വയാർജിതമാണ് ചാവറ പിതാവിന്റെ ധൈഷണികതയിൽ ഊന്നിയുള്ള വിവേകം.

എല്ലാവർക്കുമറിയാവുന്നപോലെ ഉന്നത വിദ്യാഭ്യാസം നേടിയല്ല അദ്ദേഹം രാഷ്ട്രതന്ത്രജ്ഞനോ ഭരണനിപുണനോ ആയത്; സമാനമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കിയത്. അത്ഭുതങ്ങളെക്കാളുപരി, ചാവറ ഏലിയാസ് പിതാവ് ജീവിച്ച ജീവിതമാണ് അദ്ദേഹത്തെ വിശുദ്ധനാക്കുന്നത്. പിന്നീട് ചരിത്രമായി തീരേണ്ട ഇത്തരം പ്രവൃത്തികൾ ജീവിതചര്യയായി ചെയ്യുമ്പോഴും സ്വയം വാഴ്ത്തുവാനോ നാലാളുകളാൽ അറിയപ്പെടുവാനോ അദ്ദേഹം തെല്ലും ആഗ്രഹിച്ചിരുന്നില്ല. അതിനുദാഹരണമാണ് അദ്ദേഹത്തിന്റെ ഒരു ക്യാമറാ ഫോട്ടോ പോലും ഇന്ന് ലഭ്യമല്ലാത്തത്.



എഴുത്തുകാരനായി അറിയപ്പെടാൻ ഒന്നും എഴുതാതിരുന്ന അദ്ദേഹം സമൂഹത്തിന്റെ നന്മയ്ക്കായാണ് എഴുത്തിനെ സമീപിച്ചത്. ക്രിസ്തീയ ഭവനങ്ങളിൽ സന്ധ്യാ പ്രാർത്ഥനയ്ക്കായി അദ്ദേഹം പ്രാർത്ഥനാഗീതങ്ങൾ എഴുതി - സാഹിത്യഭംഗിയിൽ തന്നെ. എഴുത്തച്ഛന്റെ അർത്ഥ സംസ്കൃതിയും, ചെറുശേരിയുടെ തല സംസ്കൃതിയും ഇതിൽ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. സെമിനാരിയിലെ വിദ്യാർത്ഥികൾക്ക് അവതരിപ്പിക്കാനായാണ് ഡെക്കലോഗുകളെ ആധാരമാക്കി അദ്ദേഹം ഇടയനാടകങ്ങൾ രചിച്ചത്. പിതാവിന്റേതായ ഒരു പ്രത്യേക ഉൾദൃഷ്ടി അതിൽ പ്രതിഫലിക്കുന്നുമുണ്ട്. ഇന്ത്യൻ പുരാണങ്ങളിലും സംസ്കൃതിയിലും അദ്ദേഹത്തിന് അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നു. 1855-56 കാലഘട്ടത്തിലായിരുന്നു ഇന്ത്യൻ പൗരാണിക സങ്കല്പങ്ങളും ഇടയനാടകം പോലെയുള്ള വൈദേശിക സാധ്യതകളും യോജിപ്പിച്ചുകൊണ്ടു അദ്ദേഹം വിദ്യാർത്ഥികൾക്ക് അവതരിപ്പിക്കാൻ നാടകങ്ങൾ എഴുതിയത്. ഇന്ത്യയിലെ ആദ്യ നാടകാവതരണം എന്ന് പറയുന്ന നീലദർപ്പൺ അവതരിപ്പിക്കുന്നതിനും ഒരു വർഷം മുൻപെയായിരുന്നു ഇത്. ആത്മാനുതാപം, അനസ്താസിയായുടെ രക്തസാക്ഷ്യം, ധ്യാനസല്ലാപങ്ങൾ എന്നിങ്ങനെ വേറെയുമുണ്ട് കൃതികൾ.

ചാവറ ഏലിയാസ് പിതാവിന് ഇതെല്ലാം പ്രാർത്ഥനയുടെയും, ഉപാസനയുടെയും ഭാഗമായിരുന്നു. എഴുത്തിൽ എന്തെങ്കിലും കലാംശങ്ങൾ കണ്ടെത്തുന്നുണ്ട് എങ്കിൽ അത് അദ്ദേഹം ആത്മാവിൽ നിന്നും ദൈവത്തിന്റെ സന്നിധാനത്തേക്ക് അർപ്പിച്ച അർച്ചനകൾ എന്ന രീതിയിൽ വേണം എടുക്കാൻ. പല തലങ്ങളിലൂടെ പിന്നീട് അത് വളർന്നു വരികയായിരുന്നു. ആദ്യമായി കന്യാസ്ത്രീ മഠം സ്ഥാപിക്കുമ്പോൾ ഒരു വിധവ എന്നാൽ സമൂഹത്തിൽ ശപിക്കപ്പെട്ടവളായിരുന്നു. അവിവാഹിത, കുടുംബനാഥന്റെ നെഞ്ചിലെ തീയും. കന്യകകൾക്കു വേണ്ടി മാത്രമായിരുന്നില്ല അദ്ദേഹം മഠം സ്ഥാപിക്കുന്നത്. വിധവകൾക്കും, ആത്മീയ പാതയിൽ സഞ്ചരിക്കാൻ താല്പര്യമുള്ള കന്യകകൾക്കും വേണ്ടി ആദ്യമായി തദ്ദേശീയ സന്യാസിനീ സമൂഹം സ്ഥാപിച്ചു. ആദ്യമായി കൂനമ്മാവിൽ സ്ഥാപിച്ച ആ മഠത്തിലെ അന്തേവാസികളിൽ രണ്ടു പേർ വിധവകളും അതിൽ ഒരാൾ പ്രസവിച്ചവരുമായിരുന്നു. ദൈവത്തിന്റെ പാതയിലേക്കുള്ള വഴിയിൽ സ്വയം പര്യാപ്തരാവുക, അതിലൂടെ സമൂഹത്തെ സേവിക്കുക എന്നത് കൂടി അദ്ദേഹം പഠിപ്പിച്ചു. സ്ത്രീ ശാക്തീകരണത്തിന്റെ മേഖലകളിലും അദ്ദേഹം സ്വന്തമായി വ്യക്തിമുദ്ര പതിപ്പിച്ച മഹാത്മാവായിരുന്നു.

അദ്ദേഹത്തിന്റെ ലക്ഷ്യത്തിലേക്കു നടന്നുപോകാൻ

> “ അദ്ദേഹത്തിന്റെ ലക്ഷ്യത്തിലേക്കു നടന്നുപോകാൻ അദ്ദേഹം സ്വയം ഒരു സാംസ്കാരിക അന്തരീക്ഷം കെട്ടിപ്പടുക്കുകയായിരുന്നു. വിദ്യയാൽ സമ്പന്നനായ വൈദികന് മാത്രമേ ജ്ഞാനോദയം സിദ്ധിച്ച പുരോഹിതനാകാൻ കഴിയൂ എന്നദ്ദേഹം ഉദ്ബോധിപ്പിച്ചു.



അദ്ദേഹം സ്വയം ഒരു സാംസ്കാരിക അന്തരീക്ഷം കെട്ടിപ്പടുക്കുകയായിരുന്നു. വിദ്യയാൽ സമ്പന്നനായ വൈദികന് മാത്രമേ ജ്ഞാനോദയം സിദ്ധിച്ച പുരോഹിതനാകാൻ കഴിയൂ എന്നദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇതിനായി വൈദികപട്ടം ലഭിക്കാൻ സെമിനാരിയിൽ പോയി വിദ്യാർത്ഥികൾ ശാസ്ത്രീയമായി വിദ്യ അഭ്യസിക്കണമെന്നു അദ്ദേഹം ശഠിച്ചു. സമൂഹത്തോടും അദ്ദേഹം ഇത് തന്നെ പറഞ്ഞു; വിദ്യയാൽ പ്രബുദ്ധമായ സമൂഹത്തിലെ യഥാർത്ഥ ജ്ഞാനോദയം സാധ്യമാകൂ എന്ന്.

സമൂഹത്തിൽ വൃദ്ധർ അനാഥരാക്കപ്പെടുന്നു. ആദരശൂന്യമായ, പീഢിതമായ വാർദ്ധക്യത്തിന് ശേഷം അവർ ലോകം വെടിയുന്നു. ഒരു മനുഷ്യന്റെ ജീവിതചക്രത്തിൽ അവനിൽ നിന്നും ഇറ്റുവീഴുന്ന ഒരു തുള്ളി വിയർപ്പു വീണു ഒരു പച്ചപ്പ് കിളുർത്താൽ ആ പച്ചപ്പിന്റെ ആനുകൂല്യം കൈപ്പറ്റുന്ന സമൂഹത്തിന്റെ ഉത്തരവാദിത്വമാണ് ആ മനുഷ്യജീവിയുടെ അവസാന കാലത്തു അവനു അന്തസ്സോടെയുള്ള മരണം സമ്മാനിക്കുക എന്ന് ചാവറ പിതാവ് പറഞ്ഞു. മദർ തെരേസ അന്ന് ജനിച്ചിട്ടുണ്ടോ എന്നറിയില്ല. എന്തായാലും ഈ ചിന്തയുടെ ബഹിർസ്ഫുരണമാണ് കൈനകരിയിലെ ഉപവിമന്ദിരം. ഏതെല്ലാം മേഖലയിൽ അദ്ദേഹം പോയോ അവിടെയെല്ലാം മനുഷ്യ നന്മയുടേതായ സാംസ്കാരിക വ്യാപനമായിരുന്നു നടന്നത്. എല്ലാ പള്ളികളോടും ചേർന്നുള്ള പള്ളിക്കൂടം തന്നെ എടുക്കുക. അതും ചാവറ പിതാവിന്റെ വലിയ സംഭാവനകളിൽ ഒന്നാണ്. വിദ്യാഭ്യാസം കേരളത്തിൽ വ്യാപകമാവാനുള്ള സാധ്യതയ്ക്ക് അത് വഴിയൊരുക്കി. അദ്ദേഹം ഉഴുതുപോയ മണ്ണിലൂടെ വിത്തെറിഞ്ഞാണ് പിന്നീട് വന്ന സാമൂഹ്യ പരിഷ്കർത്താക്കൾ സമൂഹത്തെ പുതിയ പ്രഭാതങ്ങളിലേക്കു നയിച്ചത്.

നേരത്തെ പറഞ്ഞപോലെ, അപരന്റെ മുഖം വേദമായി വായിച്ചവനാണ് വിശുദ്ധ ചാവറ ഏലിയാസച്ചൻ. ഒരുവന്റെ ദുഃഖം സ്വയം വരിച്ചു അദ്ദേഹം വേദവായനയുടെ പ്രായോഗിക വക്താവായി. ചാവറയച്ചന്റെ കല്ലറ തുറന്ന് അദ്ദേഹത്തിന്റെ ജീവിത പുസ്തകമെടുത്തു പുനർവായിക്കുന്നതിലൂടെ നാം അദ്ദേഹത്തിന്റെ ശ്രാദ്ധം ആചരിക്കുന്നു. അദ്ദേഹം സഞ്ചരിച്ച പാതയിലൂടെ നാം നിശബ്ദം അനുധാവനം ചെയ്യവേ നാം അറിയുന്നു ഇന്നനുഭവിക്കുന്ന പല നല്ല കാര്യങ്ങൾക്കും നാം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ■

> “ ഒരു മനുഷ്യന്റെ ജീവിതചക്രത്തിൽ അവനിൽ നിന്നും ഇറ്റുവീഴുന്ന ഒരു തുള്ളി വിയർപ്പു വീണു ഒരു പച്ചപ്പ് കിളുർത്താൽ ആ പച്ചപ്പിന്റെ ആനുകൂല്യം കൈപ്പറ്റുന്ന സമൂഹത്തിന്റെ ഉത്തരവാദിത്വമാണ് ആ മനുഷ്യജീവിയുടെ അവസാന കാലത്തു അവനു അന്തസ്സോടെയുള്ള മരണം സമ്മാനിക്കുക എന്ന് ചാവറ പിതാവ് പറഞ്ഞു